വയ്ക്കുവാൻ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്, മഞ്ചേരിയിലെ കസ്റ്റോഡിയൽ കെയർ ഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിൽ പ്രായപൂർത്തിയായ ബുദ്ധിമാന്ദ്യം സംഭവിച്ച് 50 പുരുഷൻമാരെ താമസിപ്പിച്ച് സംരക്ഷിക്കുന്നതിന് അനുമതി നൽകി. വകുപ്പിനുകീഴിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ രണ്ടു ജില്ലകളിൽ പ്രവർത്തിക്കുന്ന വികലാംഗ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. എല്ലാ ഐ. സി. ഡി. എസ്. ബ്ലോക്കുകളിലും വകുപ്പിന്റെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചു. മന്ദബുദ്ധികളായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് 750 രൂപ നൽകി വന്നത് 900 രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രിന്റിംഗ്, ബുക്ക് ബൈന്റിംഗ് തുടങ്ങിയ ജോലികൾ കോർപ്പറേഷൻ ഏറ്റെടുത്ത് വികലാംഗരുടെ സഹകരണ സംഘങ്ങൾക്ക് കൊടുത്ത് അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കി കൊടുക്കുന്നു. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതിനുള്ള നടപടി 16-7-2003-ൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ വികലാംഗർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർവൈസർ/ഓഫീസർ തസ്തികകളിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി, സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഐ. ആർ. സി.-യുടേയും മിനിമം വേജസ് കമ്മിറ്റിയുടേയും പുനഃസംഘടന

*19 [620] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ഐ. ആർ. സി.-കളും മിനിമം വേജസ് കമ്മിറ്റികളും പുനഃസംഘടിപ്പിക്കുമ്പോൾ ഏത് മാനദണ്ഡമനുസരിച്ചാണ് തൊഴിലാളി പ്രതിനിധികളെ കമ്മിറ്റികളിലേക്ക് നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ അംഗീകാരമുള്ളതും അതാതു മേഖലയിൽ പ്രവർത്തിക്കുന്നതുമായ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളെ കമ്മിറ്റികളിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഐ. ആർ. സി.-കൾ പുനഃസംഘടിപ്പിക്കുമ്പോൾ ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ സജീവമായിട്ടുള്ള തൊഴിലാളി യൂണിയനുകളുടെ പ്രതിനിധികളെയാണ് കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്നത്. ഇതേ മാനദണ്ഡം തന്നെയാണ് മിനിമം വേതന കമ്മിറ്റി രൂപീകരിക്കുമ്പോൾ തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കാറുള്ളത്. മിനിമം വേതന കമ്മിറ്റികൾ സർക്കാരിന് റിപ്പോർട്ടു നൽകി കഴിഞ്ഞാൽ പ്രസ്തുത കമ്മിറ്റികളുടെ കാലാവധി അവസാനിക്കുന്നു. മിനിമം വേതന കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാറില്ല.

(ബി) അതാതു മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളടക്കമുള്ള യൂണിയൻ പ്രതിനിധികളെയാണ് കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly